**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97** **07-10-2021 - ൽ മറുപടിയ്ക്ക്**

**യുണീക് തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് യുണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. യൂണീക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നത് വഴി ഒരു ഭൂ ഉടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിന് സാധിക്കുന്നതുമാണ്. ഒരാളിന്റെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയും ഒരു അക്കൗണ്ടിൽ ലഭ്യമാകുന്നതോടെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ പൊതു ജനങ്ങൾക്കും സർക്കാരിനും വളരെയേറെ പ്രയോജനപ്രദമാണ് ഈ പദ്ധതി. |
| (സി) | യുണീക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതോടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും കഴിയുമോ; | (സി) | യൂണിക് തണ്ടപ്പേർ നമ്പർ പ്രാബല്യത്തിലാക്കുന്നതിലൂടെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനും, ബിനാമി ഇടപാടുകൾ നിയന്ത്രിക്കുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | വസ്തുവിന്റെ പ്രമാണപ്രകാരമുള്ള ഉടമ മരണപ്പെടുകയും ഭാഗാധാരം നടത്താൻ കഴിയാതെ വരികയും ചെയ്തിട്ടുള്ള ഭൂമിയുടെയും വിവിധ വ്യവഹാരങ്ങളിൽപെട്ട് ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുമുള്ള വസ്തുക്കളുടെയും | (ഡി) | ഒരു പൗരന് സംസ്ഥാനത്ത് ഏതെങ്കിലും വില്ലേജ് പരിധിയിൽ ഭൂമിയുണ്ടെങ്കിൽ അതെല്ലാം ഒറ്റ തണ്ടപ്പേരിൽ കൊണ്ടുവരുന്ന പദ്ധതിയാണിത്. മരണപ്പെട്ടയാളിന്റെ അവകാശികളെ നിശ്ചയിച്ച് അവരുടെ പേരിൽ വസ്തു പോക്കുവരവ് ചെയ്ത് |

| | | | |
|---|---|---|---|
| | യുണീക്ക് തണ്ടപ്പേർ നമ്പർ തയ്യാറാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | | മാറുന്നതുവരെ മുൻ ഉടമയുടെ തണ്ടപ്പേരിൽ തന്നെ വസ്തു സ്ഥിതിചെയ്യും. ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെടാതെയുള്ള വസ്തുക്കൾ കോടതിമുഖേനയോ മറ്റ് രീതിയിലോ ഉടമസ്ഥാവകാശം നിർണ്ണയിക്കപ്പെട്ടാൽ ആ ഉടമസ്ഥന്/ഉടമസ്ഥർക്ക് നിലവിലുള്ള തണ്ടപ്പേരിലോ നിലവിൽ തണ്ടപ്പേർ ഇല്ലാത്തവർക്ക് പുതിയ തണ്ടപ്പേർ രൂപീകരിച്ചോ അക്കൗണ്ട് സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ